# Malayala Manorama

## 19 August 2018

## New Delhi, Kerala Flood, Central Government, National Disaster



# 'ദേശീയ ദുരന്തം' എന്നൊന്നില്ല; ഇതുവരെ അങ്ങനെ പ്രഖ്യാപിച്ചിട്ടുമില്ല

**ജോമി തോമസ്**

ന്യൂഡൽഹി ● കേരളത്തിലെ പ്രളയക്കെടുതിയെ 'ദേശീയ ദുരന്ത'മെന്നു കേന്ദ്രസർക്കാർ പ്രഖ്യാപിക്കാത്തതിന്റെ പ്രധാന കാരണം - ദുരന്തങ്ങളെ ദേശീയമെന്നോ പ്രാദേശികമെന്നോ വേർതിരിക്കാൻ നിയമത്തിൽ വ്യവസ്ഥയില്ല. ദേശീയ ദുരന്തമെന്നു വാക്കാൽ പ്രഖ്യാപിച്ചതുകൊണ്ട് സംസ്ഥാനത്തിനു പ്രത്യേക സാമ്പത്തിക സഹായം ലഭിക്കില്ലെന്നും കേന്ദ്ര ആഭ്യന്തരമന്ത്രാലയ വൃത്തങ്ങൾ പറയുന്നു.

സംസ്ഥാനങ്ങളിലെ വലിയ ദുരന്തങ്ങളെ 'ദേശീയ ദുരന്തം' എന്നു പ്രഖ്യാപിക്കണമെന്നത് രാഷ്ട്രീയ ആവശ്യമായി ഉന്നയിക്കപ്പെടുകയും തള്ളപ്പെടുകയും ചെയ്യുകയെന്നതാണ് രീതിയെന്നാണ് ആഭ്യന്തരമന്ത്രാലയ വൃത്തങ്ങളുടെ വിശദീകരണം. കേന്ദ്ര ഏജൻസികൾക്കു സംസ്ഥാനത്തെ ദുരന്ത നിവാരണത്തിൽ ഇടപെടാൻ സംസ്ഥാനം ആവശ്യപ്പെട്ടാൽ മതി; നടപടിയുണ്ടാവും.

1999ൽ ഒഡീഷ ചുഴലിക്കാറ്റിൽ പതിനായിരത്തിലേറെപ്പേർ മരിച്ചു. മൊത്തം 250 കോടി രൂപ ദുരിതാശ്വാസത്തിനും പുനരധിവാസത്തിനും കേന്ദ്രം ആദ്യം അനുവദിച്ചു. നടന്നതു ദേശീയ ദുരന്തമെന്നു പ്രഖ്യാപനമുണ്ടായില്ല.

2013 ജൂണിൽ ഉത്തരാഖണ്ഡിൽ വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലുമായി 4,094 പേർ കൊല്ലപ്പെട്ടു. 2010ൽ ലേയിലും ലഡാക്കിലും മേഘസ്ഫോടനത്തിൽ 257 പേർ കൊല്ലപ്പെട്ടു. 2009ൽ കൃഷ്ണ നദിയിലുണ്ടായ വെള്ളപ്പൊക്കത്തിൽ ആന്ധ്രയിലും കർണാടകയിലുമായി 300 പേർ കൊല്ലപ്പെട്ടു. 2005ൽ മഹാരാഷ്ട്രയിൽ വെള്ളപ്പൊക്കത്തിൽ 1094 പേർ കൊല്ലപ്പെട്ടു - ഇവയ്ക്കൊക്കെയും സഹായം നൽകിയതല്ലാതെ 'ദേശീയ ദുരന്ത'മെന്ന പ്രഖ്യാപനമുണ്ടായില്ല.